# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1819** 04.12.2018 -ലെ മറുപടിയ്ക്ക്

**ജെയ്ൻ യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ് സെന്റർ**

*ചോദ്യം*

ശ്രീ. കെ. എൻ. എ ഖാദർ
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ. ടി. വി. ഇബ്രാഹിം
,, എൻ . എ. നെല്ലിക്കുന്ന്

*ഉത്തരം*

**ഡോ. കെ. ടി. ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | സ്വകാര്യ, കല്പിത, കല്പിതമായി കണക്കാക്കപ്പെടുന്ന സർവ്വകലാശാലകൾക്ക് അവ പ്രവർത്തിക്കുന്ന സംസ്ഥാനങ്ങൾക്ക് പുറത്ത് അവയുടെ കാമ്പസുകളോ ഫ്രാഞ്ചൈസിയോ മറ്റു വിദൂര വിദ്യാഭ്യാസ സമ്പ്രദായങ്ങളോ ഉടങ്ങുന്നതിന് യു. ജി. സി. ചട്ടങ്ങൾ പ്രകാരം എന്തൊക്കെ നിബന്ധനകളാണുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 2016 ലെ യു.ജി.സിയുടെ ഇൻസ്റ്റിറ്റ്യൂഷൻസ് ഡീംഡ് ടു ബീ യൂണിവേഴ്സിറ്റീസ് റെഗുലേഷനിൽ കൽപ്പിതമായി കണക്കാക്കപ്പെടുന്ന സർവ്വകലാശാലകൾക്ക് അവയുടെ ആസ്ഥാനപരിധിയ്ക്ക് പുറത്ത് ക്യാമ്പസുകളോ പഠനകേന്ദ്രങ്ങളോ ഫ്രാഞ്ചൈസിയോ മറ്റ് വിദൂര വിദ്യാഭ്യാസ സമ്പ്രദായങ്ങളോ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് താഴെപറയുന്ന നിബന്ധനകളാണ് ഉൾപ്പെടുത്തപ്പെട്ടിട്ടുള്ളതായി കാണുന്നത്.<br><br>കല്പിതമായി കണക്കാക്കപ്പെടുന്ന സർവകലാശാല സാധാരണ ഗതിയിൽ അതിന്റെ മുഖ്യക്യാമ്പസ്സിൽ മാത്രമായിരിക്കണം പ്രവർത്തിക്കേണ്ടത്. (2016-ലെ യു.ജി.സി. റെഗുലേഷനിലെ 12.01 നമ്പരായ വ്യവസ്ഥ).<br><br>ഏറ്റവും ഉയർന്ന NAAC ഗ്രേഡോ എല്ലാ കോഴ്സുകൾക്കും ഏറ്റവും ഉയർന്ന NBA ഗ്രേഡോ കരസ്ഥമാക്കിയിട്ടുള്ള, കല്പിതമായി കണക്കാക്കപ്പെടുന്ന സർവകലാശാലയ്ക്ക് അതിന്റെ അക്കാദമിക് ചട്ടക്കൂടിൽപെടുന്ന കോഴ്സുകളും, പ്രോഗ്രാമുകളും, ഡിപ്പാർട്ട്മെന്റുകളും, സ്കൂളുകളും നിലവിലുള്ള ക്യാമ്പസ്സിലോ ക്യാമ്പസിന് പുറത്തോ ബന്ധപ്പെട്ട അധികാരികളുടേയും സ്റ്റാറ്റ്യൂട്ടറി കൗൺസിലുകളുടേയും അനുമതിയോടെ തുടങ്ങാവുന്നതാണ്. (12.02 നമ്പരായ വ്യവസ്ഥ). |

| | | | |
|---|---|---|---|
| | | | കല്പിതമായി കണക്കാക്കപ്പെടുന്ന സർവ്വകലാശാലകൾക്ക് താഴെ പറയുന്ന സാഹചര്യങ്ങളിൽ അവയുടെ അംഗീകൃത ഭൗമമേഖലയ്ക്ക് പുറത്ത് ഓഫ് ക്യാമ്പസ്സ് സെന്ററുകളും ഓഫ്ഷോർ ക്യാമ്പസുകളും ആരംഭിയ്ക്കാവുന്നതാണ് (12.03 നമ്പർ വ്യവസ്ഥ)<br>പ്രധാനപ്പെട്ട ഉപവ്യവസ്ഥകൾ താഴെപറയുന്നു.<br>○ സർലകലാശാല അഞ്ച് വർഷമായിട്ടെങ്കിലും കല്പിതമായി കണക്കാക്കപ്പെടുന്ന സർവകലാശാലയായി പ്രവർത്തിച്ചുവരുന്നതായിരിക്കണം (12.03.1)<br>○ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളും ഗവേഷണവും നടത്തിവരുന്ന സർവകലാശാലയായിരിക്കണം. (12.03.2)<br>○ കീർത്തിയിൽ മുൻനിരയിൽ ഉള്ളതും നൂതന ബോധ രീതികളും അക്കാദമിക പരീക്ഷാ പരിഷ്ക്കാരങ്ങളും നടപ്പിലാക്കുന്നതും സോദ്ദേശ്യതയോടെയുള്ള ഗവേഷണവും എക്സ്റ്റൻഷൻ പ്രവർത്തങ്ങളും നടത്തിവരുന്നതുമായ സർവകലാശാലയായിരിക്കണം (12.03.3)<br>○ യു.ജി.സി-യും മറ്റ് സ്റ്റാറ്റ്യൂട്ടറി / റെഗുലേറ്ററി ഏജൻസികളും നിഷ്കർഷിക്കുന്ന നിലവാരം ഫാക്കൽറ്റിയുടെ യോഗ്യതയുടെ കാര്യത്തിലും, ബോധന പ്രക്രിയയിലും, മെറിറ്റ് അടിസ്ഥാനത്തിലുള്ള വിദ്യാർത്ഥികളുടെ പ്രവേശനത്തിലും പാലിക്കുകയും / നിലനിർത്തുകയും ചെയ്യുന്ന സർവകലാശാലയായിരിക്കണം. സർവകലാശാലയിലെ ഫീസ് ഘടന ന്യായമായതായിരിക്കണം (12.03.4)<br>○ നിലവിൽ സർവകലാശാലയ്ക്ക് NAAC ന്റെ ഏറ്റവും ഉയർന്ന ഗ്രേഡ് ഉണ്ടായിരിക്കണം. (12.03.6) |

| | | | |
|---|---|---|---|
| | | | ○ ഓഫ്-ക്യാമ്പസ് സെന്ററുകൾ/ ഓഫ്-ഷോർ ക്യാമ്പസ് ആരംഭിയ്ക്കുന്നതിന് ഫ്രാഞ്ചൈസി എഗ്രിമെന്റ് ഉണ്ടാക്കാൻ പാടില്ല. (12.03.8) |
| (ബി) | ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ജെയ്ൻ യൂണിവേഴ്സിറ്റി, ഐ.എസ്.ഡി.സി. എന്ന വിദേശ സ്ഥാപനവുമായി ചേർന്ന് കൊച്ചിയിൽ ഒരു ഓഫ് കാമ്പസ് സെന്റർ തുടങ്ങാൻ അനുമതി തേടി ഉന്നതവിദ്യാഭ്യാസ വകുപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കമോ; | (ബി) | സർക്കാരിൽ അപേക്ഷ ലഭിച്ചിട്ടുണ്ട്. |
| (സി) | ജെയ്ൻ യൂണിവേഴ്സിറ്റി കൊച്ചിയിൽ ഇത്തരം ഒരു ഓഫ് കാമ്പസ് സെന്റർ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ആയതിന്റെ ലോഞ്ചിങ്ങ് നടപടികൾ സ്വീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലെ ചട്ടങ്ങൾക്കെതിരായ ഈ പ്രവർത്തിക്കെതിരെ സ്വീകരിച്ച നിയമനടപടികൾ വിശദമാക്കമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ